**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 250** **29-01-2024 - ൽ മറുപടിയ്ക്ക്**

**മുൻഗണന റേഷൻ കാർഡിലുൾപ്പെട്ടവരുടെ ചികിൽസ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര, ആർ.സി.സി തുടങ്ങിയ ആശുപത്രികളിൽ മുൻഗണന റേഷൻകാർഡിലുൾപ്പെട്ട അംഗങ്ങൾക്ക് ചികിൽസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ? | (എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര, ആർ.സി.സി തുടങ്ങിയ ആശുപത്രികളിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തരം നടപ്പിലാക്കി വരുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യകിരണം എന്നീ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാണ്.<br><br>**<u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)</u>**<br><br>RSBY,CHIS മുതലായ മുൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിൽ അംഗങ്ങളായിരുന്നവരും 2018 -19 സാമ്പത്തിക വർഷം വരെ പ്രസ്തുത പദ്ധതി മുഖാന്തരം ലഭിച്ചിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കിയിട്ടുള്ളവരുമായ (APL/BPL വ്യത്യാസമില്ലാതെ) എല്ലാ കുടുംബങ്ങളും പദ്ധതി ഗുണഭോക്താക്കളാണ്.<br><br>യോഗ്യരായ കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 5 ലക്ഷം രൂപാ വരെയുള്ള ചികിത്സാ സേവനങ്ങൾ പദ്ധതിയിൻ കീഴിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള പൊതു/സ്വകാര്യ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും.<br><br>**<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>**<br><br>വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കുറവുള്ളവരും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കളല്ലാത്തവരും സർക്കാർ ഉദ്യോഗസ്ഥർ, അവരുടെ ആശ്രിതർ/ ആദായ നികുതി ദായകർ എന്നിവർ അല്ലാത്തവരുമായ എല്ലാ കുടുംബങ്ങൾക്കും പ്രസ്തുത പദ്ധതി മുഖാന്തരം സേവനം ലഭ്യമാണ്.<br><br>യോഗ്യരായ കുടുംബത്തിന് 2 ലക്ഷം രൂപ വരെയുള്ള ചികിത്സാ സേവനങ്ങൾ പദ്ധതിയുടെ കീഴിൽ |

| | | | |
|---|---|---|---|
| | | | എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള പൊതു/ സ്വകാര്യ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും. വൃക്ക രോഗങ്ങളുടെ ചികിത്സയ്ക്ക് അധികമായി ഒരു ലക്ഷം രൂപ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്<br><br>**<u>ആരോഗ്യകിരണം പദ്ധതി:</u>**<br><br>സംസ്ഥാനത്ത് സ്ഥിര താമസക്കാരായിട്ടുള്ള ഒരു വയസ്സ് മുതൽ പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. കുട്ടികളുടെ മാതാപിതാക്കൾ കേന്ദ്രസംസ്ഥാന സർക്കാർ ജീവനക്കാരോ, ആദായ നികുതി ദായകരോ ആകാൻ പാടില്ല. ഒരു വയസ്സിൽ താഴെയുള്ള കുട്ടികളുടെ ചികിത്സ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ജനനി ശിശു സുരക്ഷാ കാര്യക്രം ( JSSK) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്.<br><br>പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സ സഹായം ലഭിക്കും. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെയാണ് പരിഗണന. ഈ പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും.<br><br>മേൽ പദ്ധതികൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു . |

സെക്ഷൻ ഓഫീസർ